**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **07-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം നൽകുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ തുരുത്തി വില്ലേജിൽ 50 വർഷത്തിലധികമായി വീട് വച്ചും ഉഭയങ്ങൾ ചമച്ചും കൈവശക്കാരായവർക്ക് പട്ടയം ലഭിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ജലസ്രോതസുകളും അതിനോട് ചേർന്ന് കിടക്കുന്ന ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത മായിട്ടുള്ളവയാണ്.1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും മുൻസിപ്പാലിറ്റി ആക്റ്റിലും ജലസ്രോതസുകളുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി പതിച്ച് നല്കുന്ന ആവശ്യത്തിലേക്ക് സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥകളില്ല .Jagpal Singh V/s State of Panjab എന്ന കേസിലെ വിധി ന്യായത്തിൽ ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധരണ സാഹചര്യങ്ങളിലൊഴികെ പതിച്ച് നല്കരുതെന്ന് ബഹു സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം ഭൂമി പതിച്ച് നല്കുന്നതിന് നിയമ തടസമുണ്ട്. എങ്കിൽപ്പോലും വർഷങ്ങളായി തൃക്കരിപ്പൂർ മണ്ഡലത്തിലെ പുഴപുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേക്കായി പുഴയുടെ ഓരത്ത് നിന്നും എത്ര ദൂരം മാറിയാണ് പതിച്ചു നൽകേണ്ടതെന്ന വിശദാംശം ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ലഭ്യമായാലുടൻ അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച ഫയൽ സെക്രട്ടേറിയറ്റിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | ജലസ്രോതസുകളും അതിനോട് ചേർന്ന് കിടക്കുന്ന ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത മായിട്ടുള്ളവയാണ്.1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും മുൻസിപ്പാലിറ്റി ആക്റ്റിലും ജലസ്രോതസുകളുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി പതിച്ച് നല്കുന്ന ആവശ്യത്തിലേക്ക് സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥകളില്ല .Jagpal Singh V/s State of Panjab എന്ന കേസിലെ വിധി ന്യായത്തിൽ ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധരണ സാഹചര്യങ്ങളിലൊഴികെ പതിച്ച് നല്കരുതെന്ന് |

| | | | |
|---|---|---|---|
| | | | ബഹു സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം ഭൂമി പതിച്ച് നല്കുന്നതിന് നിയമ തടസമുണ്ട്. എങ്കിൽപ്പോലും വർഷങ്ങളായി തൃക്കരിപ്പൂർ മണ്ഡലത്തിലെ പുഴപുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേക്കായി പുഴയുടെ ഓരത്ത് നിന്നും എത്ര ദൂരം മാറിയാണ് പതിച്ചു നൽകേണ്ടതെന്ന വിശദാംശം ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ലഭ്യമായാലുടൻ അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ